**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3719** **15/12/2014 ൽ മറുപടി നൽകേണ്ടിയിരുന്നത്**

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. സാജു പോൾ** | **ശ്രീ. ഉമ്മൻ ചാണ്ടി** (മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചിട്ടും, 2014 നവംബർ മാസം വരെയുള്ള കണക്കു പ്രകാരം എത്ര പേർക്ക് തുക കൈമാറാൻ ബാക്കിയുണ്ടെന്ന് അറിയിക്കുമോ; | (എ) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യംമൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണ ഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞു കൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും ഫണ്ട് ലഭിക്കുന്നമുറയ്ക്ക് കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ശ്രീമതി മേരി, കിഴക്കും തല വീട്, ചെലാമറ്റം, ഒക്കൽ പി.ഒ., എറണാകുളം എന്നയാൾക്ക് 26.10.2013-ൽ 37161/DRF/CM/2013 പ്രകാരം അനുവദിച്ച തുക കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;<br><br>(സി) തുക കൈമാറാനുള്ള നടപടിക്രമങ്ങൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ? | (ബി) & (സി) സ.ഉ. (സാധാ) നം. 6174/13/റവ തീയതി 20/11/2013 പ്രകാരം ശ്രീമതി മേരി, കിഴക്കും തല വീട്, ചെലാമറ്റം, ഒക്കൽ പി.ഒ., എറണാകുളം എന്നയാൾക്ക് മാതാവിന്റെ ചികിത്സയ്ക്കായി 3,000/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചിട്ടുള്ളതും ടി തുക അപേക്ഷകയ്ക്ക് കൈമാറിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ.